സ്ഥാപിതം 2001
www.kavimozhi.com

സമ്പുഷ്ടമായ വായനയ്ക്കും
പ്രതികരണത്തിനും

# കവിമൊഴി

പുസ്തകം 17
ലക്കം 6
1 ജൂൺ 2018 ♦ 1193 ഇടവം ♦ വില ₹ 15


മാസിക



# What is my Fault

പ്രശസ്തരുടെ കഥകൾ, കവിതകൾ, നോവലുകൾ

● കഥ ●



**ശിവദാസൻ.എ.കെ**
വര: ഗിരീഷ് മൂഴിക്കുളം

# പൊൻമാൻ

പരസ്യമായിരുന്ന് ഒളിഞ്ഞു നോക്കുന്ന സ്വഭാവം പൊൻമാനേ ഉള്ളൂ.

ചിറയുടെ കരയിലിരുന്ന പൊൻമാനിന്റെ ഒരൊറ്റനോട്ടം ചാട്ടുളി പോലെ തന്നിൽ തറഞ്ഞ നിമിഷമാണ് സുജാതക്ക് വേറൊരു കാര്യം കൂടി മനസ്സിലായത്.

അത് വെറും പൊൻമാനല്ല. ചത്തുപോയ സഹദേവന്റെ പുനർജന്മമാണ്.

അവൻ മരിക്കുന്നതിന് മുമ്പ് ഇരുട്ടിലും വെളിച്ചത്തിലും ഓരോ മറവുകളിൽ നിന്നും അവന്റെ ചാട്ടുളി നോട്ടം അവളെ പിന്തുടർന്നതു പോലെയായിരുന്നു ഇതും.

ചിറയിൽ വെള്ളം നിറഞ്ഞു മദിച്ചു കിടന്ന ഒരു മഴക്കാലത്ത് ഓരത്ത് നെടുകേ വളർന്നുനിന്നൊരു തെങ്ങിൽ പെണ്ണുങ്ങളുടെ കുളി കാണാൻ കയറി പിടി വിട്ട് താഴെ വീണാണ് സഹദേവൻ മരിച്ചത്.

അതിന് മുമ്പ് ആരും കുളി കണ്ടിട്ടില്ലാത്തതുപോലെയും ശേഷം കാണാനില്ലാത്തതു പോലെയുമാണ് പെണ്ണുങ്ങൾ പ്രതികരിച്ചത്.

ഇനി സമാധാനമായിട്ടൊന്ന് കുളിക്കാലോ.

സുജാതയുടെ ഓർമ്മകൾക്ക് സഹദേവന്റെ ചുവ വരാൻ കാരണങ്ങളൊത്തിരിയാണ്.

സ്കൂൾ നേരത്തെവിട്ടൊരുച്ചയിൽ താഴേക്കുള്ള വീടിനെ മറന്ന് കുന്നിൻ മുകളിലെ ഒററപ്പെട്ടൊരു കുറ്റിക്കാട്ടിൽ അന്ന് സുജാതയൊരിക്കൽ സഹദേവന്റെ കണ്ണ് കണ്ടതാണ്.

ആ കുറ്റിക്കാട്ടിൽ ഉണ്ണിപ്പിണ്ടി പോലത്തെ അവളുടെ വെളുത്ത തുടകളിൽ തലോടി രാഘവനുമുണ്ടായിരുന്നു.

ദ്തെങ്ങടാ നീയ്യിപ്പോ കുന്നിന് മോളിലിക്ക് നട്ടുച്ചക്ക്

പശുവിനെ തീറ്റണ വാസന്തിയേച്ചി ചോദിച്ചു. അവര് മാത്രമേ കണ്ടിട്ടുള്ളൂ എന്നവൾക്ക് ഉറപ്പാണ്. അമ്മക്ക് കഷായത്തിലിക്ക് നെലപ്പന പറിക്കാനെന്ന് അവൾ മറുപടി പറഞ്ഞതുമാണ്. പിന്നെങ്ങനെ അത് സഹദേവനറിഞ്ഞെന്നാണ്. ദൈവത്തിനാണെ വാസന്തിയേച്ചിക്ക് ഒരു സംശയവും തോന്നിയിട്ടില്ല എന്നുറപ്പ്.

നട്ടുച്ചയിലെ ആളില്ലായ്മയിൽ രാഘവനങ്ങനെ പടർന്നു കയറാൻ തുടങ്ങുകയായിരുന്നു. ആകെ അന്തം വിട്ടു പോയ നേരത്താണ്. ഇല കൊണ്ട് കൂട്ടിക്കെട്ടിയ പാണൽക്കാടിന്റെ ഇടയിലൂടെ അവളാ കണ്ണുകണ്ടത്.

അതവൻ തന്നെ. ഇതിനു മുമ്പും അവളത് കണ്ടിട്ടുണ്ട്. ഒരു വൈകീട്ട് ഇറുകിപ്പിടിച്ച മേലുടുപ്പ് ഊരിമാറ്റുന്നതിനിടയിൽ ചായ്പിലെ ഓടും ഉത്തരവും ചേർന്ന് കള്ളക്കളി കളിക്കുന്ന വിടവിലൂടെ അതേ കണ്ണുകൾ. മറ്റൊരിക്കൽ നാലു നാളു നീണ്ട തുള്ളപ്പനിക്കു ശേഷം ഒന്നു മുങ്ങിക്കുളിക്കാനുള്ള കൊതിയുമായി വെളുവെളാ ഒഴുകുന്ന തോട്ടുവെള്ളത്തിൽ പരൽമീനിനെ തോൽപ്പിക്കുമാറ് മുങ്ങി നിവർന്നപ്പോൾ തൊട്ടടുത്ത പറമ്പിലെ വൈക്കോൽ കൂനയൊന്നിളകി. പകലിൽ വൈക്കോൽത്തുറുവോളം പോന്നൊരു ഭൂതത്താനെ ഞെട്ടലോടെ പ്രതീക്ഷിച്ചു നിൽക്കവെ കണ്ടു വൈക്കോൽ മഞ്ഞക്കകത്തു നിന്ന് തന്നിലേക്കുറ്റു നോക്കുന്ന രണ്ട് കണ്ണുകൾ.അതവൻതന്നെ.



അതെല്ലാം തലയ്ക്കകത്ത് പെരുകിയതും പാണൽ കുറ്റികൾക്കപ്പുറം സുജാതയൊന്ന് ഞെട്ടിപ്പിടഞ്ഞ് സഹദേവന് നേരെ കൈ ചൂണ്ടി.

"അവ്ടാള്ണ്ട്."

കേട്ട പാതി കേൾക്കാത്ത പാതി ഞെട്ടിപ്പിടഞ്ഞെഴു

ന്നേറ്റ് രാഘവൻ നോക്കുമ്പോഴേക്കും ആരുമില്ലായെന്ന് പറഞ്ഞ് പാണൽച്ചെടികൾ തലയാട്ടി നിന്നു.

വാഴക്കൂമ്പ് നിറത്തിലുള്ള യൂണിഫോം പാവാട നേരെയിട്ട് നിരാശയോടെ അവൾ പറഞ്ഞു.

വാ പോകാം.

ഒരാണും പെണ്ണും ചേർന്നാൽ എവിടേയും പഠിപ്പിക്കേണ്ടാത്ത ചില കാര്യങ്ങളെ ഉണ്ടായിട്ടുള്ളൂ. എന്നിട്ടും കുന്നിൻ പുറത്തെ പാണൽ മറവിൽ നിന്നും വാർത്ത ചുഴലികണക്കെ താഴ്‌വാരത്തേക്കിറങ്ങി സുജാതയുടെ അച്ഛൻ സൈക്കിൾ പരമുവിന്റെ കാതിലെത്തിയിട്ടേ ഒഴിഞ്ഞു പോയുള്ളൂ.

പരമു കശുമാവിൻ തോപ്പിന്റെ ആളൊഴിഞ്ഞ തെക്കേയറ്റത്തു വച്ചാണ് രാഘവനെ കണ്ടത്.

പടക്കം പൊട്ടുന്ന ഒച്ചയായിരുന്നു അടിക്ക്.

ഒച്ച കേട്ട് രാഘവന്റെ സന്തത സഹചാരി ടിപ്പു പട്ടി തന്റെ എല്ലാ ശൂരതകളും മറന്ന് കൊയ്യാനിരിക്കുന്ന പാടത്തൂടെ പാഞ്ഞു.

ഒരു പിന്തുണക്കായി തിരിഞ്ഞ രാഘവൻ കണ്ടത് പാടപ്പച്ചപ്പിലേക്കൂളിയിടുന്ന ടിപ്പുവിന്റെ കറുത്ത വാലാണ്.

നിസ്സഹായനായ രാഘവന്റെ കാതിൽ ഏതാനും മുഴുത്ത തെറികളുടെ പിന്തുണയോടെ ചിലതു വന്നു വീണു.

കഴുവേർട മോനെ കന്നം തിരിവ് കാണിക്കരുത്.

പരമു സുജാത എന്നൊരു വാക്ക് പറഞ്ഞിട്ടില്ല.

അന്നത്തെ കാലത്ത് ഏത് നാല്ക്കവലയിൽ വെച്ചും ആരേയും തല്ലാൻ കെല്പുള്ളവനായിരുന്നു പരമു. ഇത്തവണത്തെ തല്ലിനുള്ള കാരണം മകളെന്നുള്ള പരിഗണന വെച്ചു മാത്രം തെരഞ്ഞെടുത്തതാണ് ആളില്ലാ കശുമാവിൻ തോട്ടം. കണ്ടത് ടിപ്പു പട്ടി മാത്രമാണ്. അതൊരു മഹാഔദാര്യമായിപ്പോയി എന്നേ രാഘവനും കരുതിയുള്ളൂ. ആപത്ഘട്ടത്തിൽ തന്നെ വഴിയിലിട്ടോടിയ ടിപ്പുപട്ടിയെക്കുറിച്ചോർത്തപ്പോൾ കേരളക്കരയാക്രമിച്ച ടിപ്പുസുൽത്താനെ കളിയാക്കാനാണ് ആളുകൾ ആ പേര് പട്ടിക്കിട്ടു തുടങ്ങിയത് എന്ന ആരുടേയോ ചരിത്ര വാക്യം ഓർത്ത് അവനടങ്ങി. എന്നിട്ടും രാഘവൻ വീട്ടിലെത്തുന്നതിനു മുമ്പേ അയൽപക്കക്കാരി കാളിയമ്മ അവന്റെയമ്മയോടൊരു വിശേഷം പറഞ്ഞു.

ലക്ഷ്മികുട്ട്യേച്ചേ. കരണക്കുറ്റിക്കൊരടി പരമൂന്റെ വിധം വെച്ച് മഹാഭാഗ്യായിപ്പോയിട്ടാ. അവന്റെ സ്വഭാവം വെച്ച് ചെക്കനെ കൊട്ടേല് വാരിക്കൊണ്ടുവരണ്ടി വന്നേനെ.

നെഞ്ചത്തടിയും നിലവിളിയുമായാണ് രാഘവനെ ലക്ഷ്മിക്കുട്ടി സ്വീകരിച്ചത്.

പെണ്ണ് മോറും മൊലേം കാട്ടി ചെക്കനെ വിളിച്ചിട്ട്. കുന്നിന്റെ മോളിലിക്ക് അവളെ തട്ടിക്കൊണ്ടു പോയതൊന്നുല്ലല്ലോ.

രാഘവന്റെ കൂട്ടിന് റൗഡിമാരില്ലാത്തത് കൊണ്ട് അമ്മയുടെ പതം പറച്ചിലിൽ കാര്യങ്ങളവസാനിച്ചു.

അന്നു രാത്രി സുജാതയോടൊത്ത് രാഘവൻ വീണ്ടും കുന്നിൻ മുകളു വരെയൊന്ന് പോയി. നക്ഷത്രങ്ങളുടെ കീഴെ കിടന്ന് വാഴക്കൂമ്പ് പച്ചപ്പാവാട മാറ്റി തുടകളുടെ വെളുപ്പ് കണ്ടു. ഒരു കുതിരയേപ്പോലെ മുന്നോട്ടാഞ്ഞതും അടി പൊട്ടി. അതേ കവിളത്ത്. രാഘവൻ കിടക്കപ്പായയിൽ കിടന്ന് കരഞ്ഞു. അമ്മ ഉപ്പും മുളകും തലക്കുഴിഞ്ഞ് അടുപ്പിലിട്ട് പതം പറ



ഞ്ഞു.

ചെക്കന് പേടി പറ്റീതാ. ആ കാലമാടൻ ഒടുങ്ങിപ്പോവേള്ളു.

പിന്നീടെപ്പോഴൊ പെണ്ണെന്നതിൽ വൈരാഗ്യം പൂണ്ട് രാഘവനൊരു ഊരുതെണ്ടിയായതിന്റെ പിന്നാമ്പുറ ക്കഥകളിൽ ഒന്നു മാത്രമായി കാലം അത് മറന്നു കളഞ്ഞു.

കുറച്ച് ദൂരെ മാറി ഒരു വക്കീലാണ് സുജാതക്ക് വരനായത്.

വക്കീലിനെ കെട്ടി അയാളുടെ കൂടെക്കിടന്ന പതിനഞ്ച് രാത്രികളിലും സുജാത പേടിച്ച് നിലവിളിച്ചു. സംയോഗത്തിന്റെ ഏതോ നിമിഷത്തിൽ അവൾ സഹദേവന്റെ കണ്ണു കണ്ടു. കോൺക്രീറ്റു കെട്ടിടത്തിന്റെ അടച്ചുറപ്പിനെ വെല്ലു വിളിച്ച് അത് ഭിത്തി തുരന്നു വന്നു. ജനാലകർട്ടനുകൾ അവയ്ക്കു വേണ്ടി തെന്നിമാറി. എ.സി മുറിയിലും സുജാത വെട്ടി വിയർത്തു. ചിലപ്പോൾ അവളുടെ വായിൽ നിന്നും നുരയും പതയും വന്നു. കട്ടിലിൽ കിടന്നവൾ കുന്ന് കയറുകയും പാണൽക്കാട്ടിൽ സഹദേവനെ കണ്ട് ഓടിയിറങ്ങി കിതക്കുകയും ചെയ്തു.

ഇവൾക്കിത് ചെറുപ്പത്തിലേ ഉണ്ടാർന്നോ.

വക്കീല് വെട്ടിമുറിച്ച പോലെ സുജാതയുടെ അമ്മയോട് ചോദിച്ചു.

അമ്മ കണ്ണുമിഴിച്ചു.

എന്ത്. വീടു മാറിയതിന്റെ വിഷമാവും.

നാട്ടിലെല്ലാ പെണ്ണുങ്ങളും കെട്ടികഴിഞ്ഞാ വീടുമാറില്ലേ.

അങ്ങനെ സുജാത സ്വന്തം വീട്ടിലേക്ക് സ്ഥിരമായി തിരിച്ചു വന്ന ശഷമുള്ള ഒരു വേനൽ വറുതിയിലാണ് അവളും പൊൻമാനും തമ്മിൽ കണ്ടു മുട്ടിയത്.

ചിറയുടെ കരയിൽ വെള്ളത്തിലേക്ക് നീട്ടിയ ഒരു കൊന്നമരക്കൊമ്പിലിരിക്കുകയായിരുന്നു പൊൻമാൻ.

വേനലിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പണിമുടക്കിയ കുഴൽകിണറും, വാട്ടർ അതോറിറ്റിയുടെ പൈപ്പ് വെള്ളവുമൊക്കെ ചേർന്ന് നാട്ടുകാരെ വീണ്ടും കുളിമുറിയുടെ ആഢ്യത്വത്തിൽ നിന്നുമിറക്കി ചിറയിലേക്ക് പറഞ്ഞു വിട്ടിരുന്നു. നാട്ടിലെ മുഴുവൻ വിയർപ്പും അലിഞ്ഞ് ചേർന്ന് ചിറ ഇളം മഞ്ഞനിറത്തിൽ കിടന്നു. ആളൊഴിവ് നോക്കി നട്ടുച്ച സൂര്യനെ കൂസാതെ സുജാതയപ്പോൾ തുണിയലക്കുകയായിരുന്നു.

പൊൻമാനെന്തിനാണ് തന്നെ നോക്കുന്നത് എന്ന് സുജാതക്ക് മനസ്സിലായില്ല.

അതിന് വെള്ളത്തിലേക്ക് നോക്കിയാൽ പോരെ. മീനെല്ലാം അതിലല്ലേ.

ഓരോ തുണിയും മഞ്ഞവെള്ളത്തിൽ മുക്കി കല്ലിലലക്കുമ്പോഴും സുജാത ഇടം കണ്ണിട്ടു നോക്കി. അത് പോയൊ.

അത് തന്നെയാണ് നോക്കുന്നത് എന്നുറപ്പിച്ചതും സുജാതയുടെ നെഞ്ചിലൊരു വെള്ളിടി വെട്ടി.

അതവന്റെ കണ്ണാണ്.

നോക്കി നിൽക്കെ അവളുടെ കാലുകൾ ഓറുവെള്ളത്തിൽ വീണു. അതിൽ സ്വർണ്ണ ചെതുമ്പലുകൾ മുളച്ചു. ചെതുമ്പൽ വളർന്ന് മുലയോളം മൂക്കോളമെത്തി.മുടി കൊഴിഞ്ഞ് ചുണ്ടുകൂരച്ച് ചന്ദനക്കവിളിൽ ചെകിള വളർന്ന് ഒരു സുന്ദരി മീനായി അവൾ വീണു. അപ്പോളത് ഒരു മിന്നായം പോലെ തനിക്കു നേരെ കുതിക്കുന്നതവൾ കണ്ടു.

സുജാതയെ താങ്ങികൊണ്ടു ചെന്ന പെണ്ണുങ്ങൾ അവളുടെ അമ്മ തങ്കമണിയെ ഗുണദോഷിച്ചു.

അപസ്മരോള്ള പെണ്ണിനെ ഒറ്റക്ക് വെള്ളത്തില് . ഭാഗ്യം കൊണ്ടാ ഞാനിപ്പഴിവിടെ വന്നത്.

തങ്കമണി ഒന്നും പറഞ്ഞില്ല. മരിച്ചതിന് ശേഷം ചുവരിൽ തറഞ്ഞിരിപ്പായ പരമുവിന്റെ ചിത്രത്തിന് നേരെ ഒന്നു നോക്കുക മാത്രം ചെയ്തു.

സുജാതേനെ ആ സ്വാമീടടുത്തൂടെ ഒന്ന് കൊണ്ടോയിക്കൂടെ.

അയൽക്കാരി ബിന്ദു പത്രത്താളിലെ താടിയും മുടിയും നീട്ടിയ അത്ഭുത വൈദ്യന്റെ വിശേഷങ്ങൾ പറഞ്ഞു കൊണ്ടിരുന്നു.

മലയോര ജില്ലയിലെ തണുപ്പുമൂടിയ മലമടക്കുക
ലേക്ക് അത്ഭുത വൈദ്യനെക്കാണാൻ ആഴ്ചയിലൊ
ക്കലെന്നോണം ടൂറിസ്റ്റു ബസ്സുകൾ വന്നും പോയുമി
ന്നു.

അത്ഭുതകാഴ്ചകളിലേക്ക് യാത്രക്കിടയിലും നാട്ടി
വന്നും തീരാത്ത സംസാരങ്ങളായിരുന്നു.

വടി കുത്തിപ്പിടിച്ചാ കുഞ്ഞേനാച്ചൻ വണ്ടി കയറിയത
നാനൂറല്ലാർന്നോ ഷുഗറ്. പോരെങ്കീ പ്രഷറ് വേറെയു
ഒരു പിടി ഗുളികയാ സ്ഥിരം തിന്നോണ്ടിരുന്നത
ഇദ്ദിപ്പോ അങ്ങോരെ ഒന്ന് കണ്ടതേള്ളു. കുഞ്ഞേന
ച്ചൻ നടക്കണെ കണ്ടാ ചെറുപ്പക്കാര് തോൽക്കും.

തങ്കമണി സുജാതയേയും കൊണ്ട് ഒരു വെള്ളിയാ
ഴ്ചയാണ് കമ്പത്തേക്ക് വണ്ടി കയറിയത്.

മൂന്നാലുദിവസം നിക്കണേ അതിനൊള്ള സൗകര്യോ
ഉണ്ട്. ഇതേ തന്ത്രോം മന്ത്രോം ഒന്നിച്ചാണ്.

ആളൊന്നുക്ക് തലയെണ്ണി ആയിരം രൂപ വീതം വാങ്ങി
എണ്ണി നോക്കുന്നതിനിടയിൽ ടൂറിസ്റ്റ് വണ്ടിയുടെ
ക്ളീനറായ ശശിക്കുട്ടൻ തറപ്പിച്ചു പറഞ്ഞു.



അര ദിവസത്തെ കാത്തിരിപ്പിനൊടുവിലാണ് അവർക്ക് അദ്ദേഹത്തെക്കാണാൻ അനുവാദം കിട്ടിയത്.

ദൂരെ നിന്നു വന്ന ആളുകളുടെ തിക്കിത്തിരക്കും, പെട്ടെന്ന് തുടങ്ങിയ കച്ചവടങ്ങളും ചേർന്ന് പൊടി പിടിപ്പിച്ച അന്തരീക്ഷം നട്ടുച്ചയിലും തണുപ്പുമാറാതെ നിന്നു.

നിലത്ത് ചമ്രം പടിഞ്ഞിരുന്ന വൈദ്യനെ ഇത്തിരിനേരം നോക്കി നിന്നതേയുള്ളൂ. സുജാതയുടെ ഉള്ളിലൂടെ ഒരു ബാല്യകാലം മുഴുവൻ പുനർജ്ജനിച്ചൊഴുകിപ്പോയി.

തനിക്കു പിടികിട്ടിയ രാഘവനെ മറ്റാർക്കും മനസ്സിലാകാതെ പോയതെന്തേ എന്നു മാത്രമായിരുന്നു തിരികെ ബസ്സിലിരിക്കുമ്പോൾ സുജാത ആലോചിച്ചിരുന്നത്.

തന്റെ രോഗം തീർക്കാൻ രാഘവന്റെ കൈയ്യിലെ പുതിയ പഠിപ്പുകളെന്തെങ്കിലും സഹായിക്കുമോ എന്നതിനേക്കാളേറെ അവളുടെ മനസ്സിന്റെ കോണിലെവിടേയോ പഴയൊരു സ്കൂൾകാലവും നട്ടുച്ചയും പുനർജ്ജനിച്ചു. പരസ്പരം കെട്ടിപ്പുണർന്നു നിന്നിരുന്ന പടർപ്പവള്ളികൾക്കു കീഴെ വിവസ്ത്രരായി രാഘവനേയും സുജാതയേയും കണ്ടു. കട്ടപിടിച്ച പാണൽ പടർപ്പിനിടയിൽ അവൾ സഹദേവന്റെ കണ്ണു തിരഞ്ഞെങ്കിലും കണ്ടില്ല. അതിൽ മാത്രം സുജാത ജീവിതത്തിലാദ്യമായി ഒരു പെണ്ണായി.

രണ്ടാമത്തെ വരവിന്റെയന്ന് രാഘവൻ തങ്കമണിയോട് ചോദിച്ചു.

ഏലസ്സ് ജപിച്ചുകെട്ടാനുണ്ട്. രണ്ടു ദിവസം നിൽക്കേ

ണ്ടി വരും സൗകര്യാവോ.

സുജാത നിശബ്ദയായി ഇരിക്കുകയായിരുന്നു.

'ഞങ്ങൾക്കിവിടെ സൗകര്യണ്ടാവോ.' തങ്കമണിക്കൊരു തിക്കുമുട്ടലുണ്ടായി.

'നിങ്ങള് മാത്രല്ലല്ലോ വേറെം സ്ത്രീകളിവിടില്ലേ.'

കുഴപ്പമില്ല എന്ന് സുജാത തങ്കമണിയെ നോക്കി തലയാട്ടി.

നൂലു കെട്ടാൻ നിന്നതിന്റെ രണ്ടാം ദിവസത്തെ രാത്രിയിലേതോ യാമത്തിൽ രാഘവൻ സുജാതയുടെ മുറിക്ക് പുറത്ത് തട്ടി വിളിച്ചു.

അവളത് പ്രതീക്ഷിച്ചിരിക്കുകയായിരുന്നെന്നോണം നിശബ്ദയായി.

വാ. അവൻ വിളിച്ചു.

ശബ്ദമില്ലാത്ത കാൽ ചലനങ്ങൾ നിഴലിനൊപ്പമിളകി മറ്റൊരു മുറിയിലേക്ക് കയറി.

മുറിയുടെ വിശാലതയിൽ തൂവെള്ള വിരിപ്പിട്ട് മെത്ത മലർന്നു കിടന്നു. കർപ്പൂരത്തിന്റെ മണം കൊണ്ട് പുകഞ്ഞ് ഉന്മത്തനായൊരു കാറ്റ് പുറത്തേക്ക് ചാടി.

'ഇത് കണ്ടോ.'

സുജാത കണ്ടു. കറുപ്പു ചരടിൽ കോർത്ത പോന്നേലസ്സ്.

'ഇത് എന്റെയൊരു സമ്മാനാണ്.'

ദീക്ഷയിൽ കറുത്തു പോയ മുഖത്ത് വെളുത്ത പുഞ്ചിരി വരുത്തി രാഘവൻ പറഞ്ഞു.

അവളുടെ അരക്കെട്ടിന് നേർക്കത് നീട്ടി അവൻ പറഞ്ഞു.

'ഞാൻ തന്നെ കെട്ടാം.'

ഒരു കുളിരോർമ്മ കാട്ടുവള്ളികളുടെ മണവുമായിച്ചെന്ന് അവളുടെ കവിളത്ത് തൊട്ടു ചുവപ്പിച്ചു. കുന്നിൻ മുകളിലെ ചെടികളുടെ മറവിൽ അവൾ വീണ്ടും കിടന്നു. വെളുത്ത അരക്കെട്ടിനെ പുണർന്ന് പൊന്നേലസ്സ് വിജിഗീഷുവിനെപ്പോലെ തലയുയയർത്തി. ഇവിടെ ഭയപ്പെടുത്താനവന്റെ കണ്ണുകളുണ്ടാവില്ലല്ലോ എന്ന ഉറച്ച തോന്നലിൽ അവൾ കണ്ണുകളിറുക്കെ അടച്ചു. ഒരു പൂർണ്ണരതിയിലേക്കമെരാൻ കൊതിച്ച് കൺതുറന്ന സുജാതയതു കണ്ടു. മുറിയിലെ അരണ്ട വെളിച്ചത്തിൽ ഒരു കോണിലായി നേരിയ മഞ്ഞവെളിച്ചത്തോടെ മിന്നിമറയുന്നൊരു പൊൻമാൻ കണ്ണ്. അതിനും അതേ സ്വഭാവമായിരുന്നു. അതേ തിളക്കമായിരുന്നു. സഹദേവന്റെ കണ്ണിന്റെ. ഒടു നിമിഷം ഞെട്ടിത്തരിച്ചു പോയ സുജാത ആ ക്യാമറക്കണ്ണിനു നേരെ ചൂണ്ടി ആരോടെന്നില്ലാതെ വിളിച്ചു പറഞ്ഞു.

'ദേ . അവിടാള്ണ്ട്.'

പിന്നെ അവൾ കിതക്കാൻ തുടങ്ങി. ആ ചാട്ടുളി കണ്ണിൽ നിന്ന് ഓടിയകലാനെന്ന പോലെ.


● *ഫോൺ: 9745464899*

## യെസ്പ്രസ് പബ്ലിക്കേഷൻസിന്റെ
## ● പുതിയ പുസ്കങ്ങൾ ●




**പറയാൻ ബാക്കിവച്ചത്**
ഹരിദാസ് എയ്യാൽ
വില : Rs.100.00

കവിതകളിലൂടെയും കഥകളിലൂടെയും മലയാളി വായനക്കാർക്ക് പരിചിതനായ ഹരിദാസിന്റെ ഈ നോവൽ പ്രമേയത്തിന്റെ ലാളിത്യം കൊണ്ടും ഭാഷയുടെ സുതാര്യതകൊണ്ടും ഏറെ മനോഹരമാണ്.





**സ്വർണ്ണനിറമുള്ള വെയിൽ**
കെ.ആർ.അനൂപ്
വില : Rs.80.00

അരികുവത്കരിക്കപ്പെടുന്നവരെ അടയാളപ്പെടുത്തുന്നവയാണ് കെ.ആർ.അനൂപിന്റെ കഥകൾ.




**ഡിക്റ്റേറ്റർഷിപ്പ് ഓഫ് ദി ക്യാപിറ്റലിസ്റ്റ്**
റ്റോം മുളന്തുരുത്തി
വില : Rs.300.00

അനുഭവങ്ങളുടെ തീക്കടൽ കടഞ്ഞെടുത്ത അതിശക്തമായ ആവിഷ്കാരങ്ങൾ. വാക്കുകൾ ചാട്ടുളിയാകുന്ന കരുത്തുറ്റ കവിതകൾ. സംസ്കൃത മലയാള വൃത്തങ്ങളിലും നാടൻശീലുകളുടെ ഈണങ്ങളിലും ശ്ലഥവൃത്തങ്ങളിലും വിഭ്രമിപ്പിക്കുന്ന ഗദ്യത്തിലും എഴുതിയിരിക്കുന്ന ഈ കവിതകൾ അനുവാചക ശ്രദ്ധ ആകർഷിക്കുമെന്ന കാര്യത്തിൽ സംശയമില്ല.




**സ്മൃതിനിലാവ്**
കെ.എൻ.രാമചന്ദ്രൻ
വില : Rs.70.00

അതിവിപുലമായ ചിന്തകളും സമകാലിക വസ്തുതകൾ ദർശനവിധേയമാക്കിയുള്ള കവിതകളും ഈ കാവ്യഗ്രന്ഥങ്ങളിലുണ്ട്.




**സിദ്ധാർത്ഥിന്റെ അമ്മ**
എ.കെ.ശശി വെട്ടിക്കവല
വില : Rs.70.00

പുതുമകൾക്കുവേണ്ടി കൃത്രിമത്വങ്ങളെ കൂട്ടുപിടിക്കാതെ ലളിതമായ പദപ്രയോഗത്തിലൂടെ കഥ പറയുകയാണ് 'സിദ്ധാർത്ഥിന്റെ അമ്മ' എന്ന സമാഹാരത്തിലൂടെ എ.കെ.ശശി വെട്ടിക്കവല ●